# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം.

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം : 391** 6-2-2013-ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ള തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം പാലിശ്ശേരി | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) വൈദ്യുതി ചാർജ് ഇനത്തിൽ കുടിശ്ശികയായി 2013ജനുവരി 31 വരെ എത്ര രൂപ പിരിഞ്ഞു കിട്ടാനുണ്ട് | (എ) സെപ്റ്റംബർ 30, 2012 വരെയുള്ള കണക്കനുസരിച്ച് കുടിശ്ശികയിനത്തിൽ വൈദ്യുത ബോർഡിനു രൂപ 1206.29 കോടി പിരിഞ്ഞുകിട്ടാനുണ്ട്. |
| (ബി) ഇതിൽ സ്വാകര്യസ്ഥാപനങ്ങളും വ്യക്തികളും എത്രരൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട് | (ബി) 30.09.2012 ലെ കണക്കനുസരിച്ച് സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും വൈദ്യുതി ചാർജ്ജിനത്തിൽ വരുത്തിയിട്ടുള്ള കുടിശ്ശിക രൂപ 571.90 കോടിയാണ് |
| (സി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് കെ. എസ്. ഇ. ബി. സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് | (സി) കുടിശ്ശിക പിരിച്ചെടുക്കാൻ നിയമാനുസൃതമായ നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചു വരുന്നു. അവ ചുവടെചേർക്കുന്നു.<br><br>യഥാസമയം വൈദ്യുതി ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം വിഛേദിക്കുക<br><br>(i) ആറു മാസത്തിലേറെയായി വിഛേദിച്ചു കിടക്കുന്ന വൈദ്യുത കണക്ഷനുകൾ അഴിച്ചു മാറ്റുകയും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യുക. |

(iii) കുടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക

(iv) പൂട്ടിക്കിടക്കുന്ന എച്ച്.ടി., എൽ.ടി. വിഭാഗങ്ങളിലുള്ള വ്യവസായ സ്ഥാപനങ്ങൾ. പ്ലാന്റേഷനുകൾ എന്നിവ നിശ്ചിത തീയതിക്കു മുമ്പേ തുറന്നു പ്രവർത്തിക്കു കയാണെങ്കിൽ പൂട്ടിക്കിടന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ് /ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുക.

(v) ദീർഘകാലമായി കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾ കുടിശ്ശികയുടെ 'മുതൽ' ഒറ്റത്തവണ യിലോ തവണകളായോ ഒടുക്കിയാൽ പലിശയിൽ ഇളവനുവദിച്ചു കൊടുക്കുക. പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ തുറന്നു പ്രവർത്തിക്കുന്നുവെങ്കിലോ അന്തിമ മായി കുടിശ്ശിക കണക്കുകൾ തീർപ്പാക്കുകയാണെങ്കിലോ പലിശ 3% ആയി ഇളവ് ചെയ്തു നൽകുന്നതാണ്. മറ്റ് ഉപഭോക്താക്കൾക്ക് പലിശ 5% ആയിരിക്കും. കുടിശ്ശികയിലെ മുതൽ ഒറ്റത്തവണയിൽ അടയ്ക്കുകയാ ണെങ്കിൽ മാത്രമേ മേൽ പ്രസ്താവിച്ച ഇളവുകൾ ലഭ്യമാകൂ. അല്ലാത്ത പക്ഷം പലിശ യഥാക്രമം 6% ഉം 9% ഉം ആയിരിക്കുന്നതാണ്. ഈ പദ്ധതിയുടെ കാലാവധി 31.03.2013 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(vi) കുടിശ്ശിക സംബന്ധിച്ച് കോടതികളിൽ നിലവിലുള്ള വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തുക.

(ഡി) ഈ സർക്കാർ എത്ര തവണ വൈദ്യുതി ചാർജ് വർദ്ധി പ്പിച്ചിട്ടുണ്ട് ; ഇതു പ്രകാരം ബോർഡിന് എത്ര രൂപ അധിക വരുമാനമായി ലഭിച്ചി ട്ടുണ്ട് ; വിശദാംശം വ്യക്തമാ ക്കുമോ ?

ഡി) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 2012 ജൂലൈ 1- ാം തീയതി മുതൽ താരിഫ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയി ട്ടുണ്ട്. വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. പ്രസ്തുത വർദ്ധനവിലൂടെ വിവിധ ഉപഭോക്താക്കൾക്ക് 25% മുതൽ 30% വരെയാണ് വർദ്ധനവ് നടപ്പിലാക്കിയിട്ടുള്ളത്. താരിഫ് വർദ്ധ നവിലൂടെ ഏകദേശം 130 കോടി രൂപ പ്രതിമാസം അധിക വരുമാനമായി ലഭിച്ചു വരുന്നു.

ഇതു കൂടാതെ 2012 ഏപ്രിൽ - മെയ് മാസകാലയളവിൽ - വ്യാവസായിക, വാണിജ്യ ഗാർഹികേതര ഉപഭോക്താ ക്കൾക്ക് നിലവിലുള്ള താരിഫിൽ മുൻവർഷ ശരാശരി ഉപയോഗത്തിന്റെ 90% വരെ ഉപയോഗിക്കാൻ അനുവദിക്കുകയും ഗാർഹിക ഉപഭോ ക്താക്കളെ രണ്ടു മാസത്തേയ്ക്ക് 600 യൂണിറ്റ് വരെ നിലവിലുള്ള താരിഫിൽ ഉപയോഗിക്കാൻ അനുവദിക്കുകയും ടി ഉപഭോക്താക്കൾ കൂടുതലായി ഉപയോ ഗിക്കുന്ന വൈദ്യുതിക്ക് യഥാർത്ഥ വാങ്ങൽ വിലയായ 10 രൂപ വാങ്ങാൻ കമ്മീഷൻ അനുമതി നൽകിയിട്ടുണ്ട്.

ഇതിനു പുറമേ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി

കണക്കിലെടുത്തും ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഗണിച്ചും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2012 ഡിസംബർ 12- ാം തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് വൈദ്യുതി ബോർഡ് വിവിധ ഉപഭോക്താക്കൾക്ക് താഴെപ്പറയുന്ന രീതിയിൽ ഡിസംബർ 15- ാം തിയതി മുതൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

1. ലോഡ്ഷെഡിംഗിൽ നിന്നൊഴിവാക്കപ്പെട്ട എല്ലാ എച്ച്.റ്റി. ഇ.എച്ച്.റ്റി. ഉപഭോക്താക്കളും അവരുടെ വൈദ്യുതി ഉപഭോഗം മുൻവർഷത്തെ ശരാശരി ഉപയോഗത്തിന്റെ 75 ശതമാനമായി നിജപ്പെടുത്തുകയും, നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിലവിലുള്ള താരിഫിനു പുറമേ നിലവിലുള്ള എനർജി ചാർജ്ജ് പെനാൽറ്റി ആയി ഈടാക്കുന്നതാണ്.

2.. നിലവിൽ ലോഡ്ഷെഡിംഗ് ഉള്ള എച്ച്.റ്റി. ഉപഭോക്താക്കൾ അവരുടെ ഉപയോഗം മുൻവർഷത്തെ ശരാശരി വൈദ്യുതി ഉപഭോഗത്തിന്റെ 80 ശതമാനമായി നിജപ്പെടുത്തുകയും നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള താരിഫിനു പുറമേ നിലവിലുള്ള എനർജി ചാർജ്ജ് കൂടി പെനാൽറ്റി ആയി ഈടാക്കുന്നതാണ്

3. എല്ലാ എൽ.റ്റി. വ്യാവസായിക

വാണിജ്യ ഗാർഹികേതര ഉപഭോക്താക്കളും അവരുടെ വൈദ്യുതി ഉപഭോഗം മുൻവർഷ ത്തെ ശരാശരി ഉപയോഗത്തിന്റെ 80 ശതമാനമായി നിജപ്പെടുത്തുകയും നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള താരിഫിനു പുറമേ നിലവിലുള്ള എനർജി ചാർജ്ജ് പെനാൽറ്റി ആയി ഈടാക്കുന്നതാണ്.

4. ഗാർഹിക ഉപഭോക്താക്കൾ അവരുടെ ദ്വൈമാസ ഉപഭോഗം 600 യൂണിറ്റായി നിജപ്പെടുത്തുകയും കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള സ്ലാബ് നിരക്ക് പെനാൽറ്റി ആയി നൽകേണ്ടതാണ്

2012 ഏപ്രിൽ മെയ് മാസങ്ങളിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയതു വഴി ഏകദേശം 149.71 കോടി രൂപ അധിക വരുമാനമായി ലഭിച്ചിട്ടുണ്ട്.

2012 ഡിസംബർ 15 - ാം തീയതി മുതൽ ഏർപ്പെടുത്തിയ വൈദ്യുതി നിയന്ത്രണത്തിലൂടെ ലഭിക്കാവുന്ന അധികവരുമാനം കണക്കാക്കപ്പെട്ടിട്ടില്ല

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്